**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2793** **24-02-2026 - ൽ മറുപടിയ്ക്ക്**

**മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് കർമ്മപദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ വി ശശി | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | മനുഷ്യ-വന്യജീവി സംഘർഷങ്ങൾ അനുദിനം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ കൂടുതൽ ഫലപ്രദവും ശാസ്ത്രീയവുമായ പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത വിശകലന വിധേയമാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ; | (എ) | വിശകലന വിധേയമാക്കിയിട്ടുണ്ട് . മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ആധുനിക സാങ്കേതിക വിദ്യകൾ ഫലപ്രദമായി വിനിയോഗിക്കുന്ന വിവിധ പദ്ധതികൾ വനം വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. വന്യമൃഗങ്ങളുടെ സാന്നിധ്യം മുൻകൂട്ടി തിരിച്ചറിഞ്ഞ് ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്നതിനും സുരക്ഷാ നടപടികൾ സ്വീകരിക്കുന്നതിനുമായി Mission Real Time Monitoring എന്ന പദ്ധതിയാണ് പ്രധാനമായി നടപ്പിലാക്കുന്നത്. സംസ്ഥാനത്തെ ആനത്താരകൾ, വന്യമൃഗങ്ങളുടെ സ്ഥിരം സഞ്ചാരപാതകൾ എന്നിവ തുടർച്ചയായി നിരീക്ഷിച്ച് വന്യമൃഗങ്ങളുടെ നീക്കം മുൻകൂട്ടി തിരിച്ചറിഞ്ഞ് ആവശ്യമായ മുൻകരുതൽ സംവിധാനങ്ങൾ ഒരുക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. വനം വകുപ്പും ടാറ്റാ മോട്ടോഴ്സ് ലിമിറ്റഡും ടാറ്റാ കമ്മ്യൂണിക്കേഷൻ ലിമിറ്റഡും ചേർന്ന കോർ ടീമാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ ധാരണാപത്രം 20.01.2026-ന് ഒപ്പുവച്ചിട്ടുണ്ട്. ആദ്യഘട്ടമായി ചാലക്കുടി ഫോറസ്റ്റ് ഡിവിഷനിലെയും പെരിയാർ ടൈഗർ റിസർവിലെയും തിരഞ്ഞെടുത്ത മേഖലകളിൽ നിരീക്ഷണ ഉപകരണങ്ങളും ഗേറ്റ്‌വേകളും സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ MSTrIPES മോണിറ്ററിംഗ്, ANIDERS സംവിധാനം, AI അധിഷ്ഠിത ക്യാമറകൾ, നൈറ്റ് വിഷൻ ക്യാമറകൾ, ഡ്രോണുകൾ, AI സ്മാർട്ട് ഫെൻസിംഗ് സംവിധാനം, SARPA മൊബൈൽ ആപ്പ് എന്നിവയും വിവിധ മേഖലകളിൽ വിനിയോഗിച്ചുവരുന്നു.<br><br>തെർമൽ സെൻസർ ഡ്രോണുകളും, AI ക്യാമറകൾ, റേഡിയോകോളറുകൾ എന്നിവ വാങ്ങുന്നതിനും പുനരധിവാസ പദ്ധതി നടപ്പിലാക്കുന്നതിനും മറ്റുമായി കിഫ്ബി മുഖേന അനുവദിച്ച ഫണ്ട് ഉപയോഗിച്ച് 25 |

| | | | |
|---|---|---|---|
| | | | നൈറ്റ് വിഷൻ ക്യാമറകൾ വാങ്ങിയിട്ടുണ്ട്. 43 ഡ്രോണുകൾ, 15 സ്മാർട്ട് കേജുകൾ, മറ്റ് ഉപകരണങ്ങൾ എന്നിവയുള്ള ഓർഡർ നൽകിയിട്ടുണ്ട്. |
| (ബി) | വികേന്ദ്രീകൃതവും പ്രാദേശികവും ഫലപ്രദവുമായ മാർഗ്ഗങ്ങളിലൂടെ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് കർമ്മപദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ; | (ബി) | വികേന്ദ്രീകൃതവും പ്രാദേശികവും ഫലപ്രദവുമായ മാർഗ്ഗങ്ങളിലൂടെ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് കർമ്മപദ്ധതി തയ്യാറാക്കിയിട്ടുണ്ട്. 23/02/2025 ലെ സ.ഉ.(കൈ) നം. 8/2025/വനം പ്രകാരം 10 മിഷനുകളും , 03/01/2026 ലെ സ.ഉ.(കൈ) നം. 1/2026/വനം തീയതി പ്രകാരം 2 മിഷനുകളും രൂപീകരിച്ച് തുടർ പ്രവർത്തനങ്ങൾ നടത്തിവരുന്നു. അവയുടെ വിവരം ചുവടെ ചേർക്കുന്നു.<br>1. മിഷൻ ഫുഡ്, ഫോഡർ&വാട്ടർ (Mission FFW / Mission Food, Fodder & Water)<br>2.Mission Tribal Knowledge (ഗോത്രഭേരി)<br>3.Mission Solar Fencing<br>4. Mission Primary Response Team<br>5. Mission Real Time Monitoring<br>6. Mission Sensitization to Public<br>7. Mission Science on Human Wildlife Conflict<br>8. Mission Bonnet Macaque<br>9.Mission Wild Pig<br>10. Mission SARPA<br>11. മിഷൻ മഞ്ഞക്കൊന്ന.<br>12. മിഷൻ കൃഷി പുനരുജ്ജീവനവും മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണവും. |
| (സി) | മനുഷ്യ-വന്യജീവി സംഘർഷപ്രദേശങ്ങളുടെ പ്രത്യേകതകൾ കണക്കിലെടുത്ത് വിവിധ പ്രദേശങ്ങളെ ലാൻഡ്സ്കേപ്പുകളായി തിരിച്ച് അനുയോജ്യമായ പ്രതിരോധ സംവിധാനങ്ങൾ നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ; | (സി) | സംസ്ഥാനത്തെ 273 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ വരുന്ന പ്രദേശങ്ങളിലാണ് മനുഷ്യ-വന്യജീവി സംഘർഷം കൂടുതലായി അനുഭവപ്പെട്ടു വരുന്നത്. ടി പ്രദേശങ്ങളെ 12 ലാൻഡ്സ്കേപ്പുകളായി തിരിച്ച് ഓരോ ലാൻഡ്സ്കേപ്പിനും അനുയോജ്യമായ മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ ലാൻഡ്സ്കേപ്പ് തല പ്ലാനുകൾ തയ്യാറാക്കുകയും ആയത് വിവിധ തലങ്ങളിൽ ചർച്ച ചെയ്ത് ആവശ്യമായ ഭേദഗതികൾ വരുത്തുകയും ചെയ്തിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പുതിയ ഭരണ സമിതികൾ നിലവിൽ വന്നിട്ടുള്ളതിനാൽ ലാൻഡ്സ്കേപ്പ് പ്ലാനുകൾ അതാത് തദ്ദേശസ്വയംഭരണ സ്ഥാപന മേധാവികൾ ഉൾപ്പെടുന്ന സദസ്സിൽ വീണ്ടും അവതരിപ്പിച്ച് അന്തിമരൂപം നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനതല മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ നയം തയ്യാറാക്കി വരികയുമാണ്. |

| | | | |
|---|---|---|---|
| (ഡി) | വനമേഖലയിലെ ആവാസവ്യവസ്ഥയ്ക്ക് അനുയോജ്യമായ വൃക്ഷങ്ങളും സസ്യജാലങ്ങളും വച്ചു പിടിപ്പിച്ച് സസ്യഭുക്കുകളായ വന്യജീവികളുടെ ഭക്ഷ്യസമൃദ്ധി ഉറപ്പാക്കുന്നതിന് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ? | (ഡി) | വനമേഖലയിലെ ആവാസവ്യവസ്ഥയ്ക്ക് അനുയോജ്യമായ വൃക്ഷങ്ങളും സസ്യജാലങ്ങളും വച്ചു പിടിപ്പിച്ച് സസ്യഭുക്കുകളായ വന്യജീവികളുടെ ഭക്ഷ്യസമൃദ്ധി ഉറപ്പാക്കുന്നതിന് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട് . വന്യമൃഗങ്ങൾ ജനവാസമേഖലകളിലേക്ക് ആകർഷിക്കപ്പെടുന്നത് ഒഴിവാക്കുന്നതിനും അവയ്ക്ക് ആവശ്യമായ ജല-ഭക്ഷണ ലഭ്യത വനത്തിനുള്ളിൽ തന്നെ സജ്ജീകരിക്കുന്നതിനുമായി "മിഷൻ ഫുഡ്, ഫോഡർ&വാട്ടർ" പദ്ധതി 2025 ഫെബ്രുവരി 1-ാം തീയതി ആരംഭിച്ചു. കുളങ്ങളും മറ്റു ജലസംഭരണികളും അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുകയും അധിനിവേശ കള സസ്യങ്ങളെ ഉന്മൂലനം ചെയ്തും ഫലവൃക്ഷങ്ങളുടെ വ്യാപനത്തെ പ്രോത്സാഹിപ്പിച്ചും വന്യമൃഗങ്ങളെ വനാന്തരങ്ങളിൽ തന്നെ നിലനിർത്തുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.<br>മിഷൻഫുഡ്, ഫോഡർ&വാട്ടർതീവ്രയജ്ഞപരിപാടിയുടെഭാഗമായി 2025-26 കാലയളവിൽ 5,06,487 സീഡ്ബാൾ (വിത്തുണ്ട) വ്യാപനം, 620.722 ഹെക്ടർ വിസ്തക്ലിയറൻസ്, 263.15 ഹെക്ടർ തുറസ്സായപ്രദേശങ്ങളുടേയും, 572.72 ഹെക്ടർ വയലുകളുടേയും, 1704.85 ഹെക്ടർപുൽമേട്ടുകളുടേയും പുനഃസ്ഥാപനം, 111 സ്വാഭാവികകുളങ്ങളുടേയും 112 കൃത്രിമകുളങ്ങളുടേയുംപരിപാലനം, 55 കൃത്രിമകുളങ്ങളുടെനിർമ്മാണം, 2 കോൺക്രീറ്റ്ചെക്ക്ഡാമുകളുടേയും 21 കൽത്തടയണകളുടേയും 15 മൺതടയണകളുടേയും 646 ബ്രഷ്¬വുഡ്ചെക്ക്ഡാമുകളുടേയുംനിർമ്മാണം, 113 കോൺക്രീറ്റ്ചെക്ക്ഡാമുകളുടേയും 226 നീരുറവകളുടേയുംപരിപാലനം എന്നീ പ്രവർത്തനങ്ങൾനടത്തുകയുണ്ടായി. |

സെക്ഷൻ ഓഫീസർ